# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4410**

**17/12/2014-ൽ മറുപടിക്ക്**

## കേരളത്തിലെ മരുന്നുനിർമ്മാണക്കമ്പനികൾ

ചോദ്യം

**ശ്രീ.എൻ .എ.നെല്ലിക്കുന്ന്**
**ശ്രീ.റ്റി.എ.അഹമ്മദ് കബീർ**
**ശ്രീ.കെ.എൻ.എ.ഖാദർ**
**ശ്രീ.വി.എം.ഉമ്മർ മാസ്റ്റർ**

മറുപടി

**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| എ) കേരളത്തിൽ പ്രവർത്തിക്കുന്ന മരുന്നു നിർമ്മാണക്കമ്പനികൾ തകർച്ചയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; എങ്കിൽ, അതിനുള്ള കാരണങ്ങളെക്കുറിച്ച് പരിശോധി ച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ട്.<br>കേരളത്തിൽ വിവിധജില്ലകളിലായി 85 അലോപ്പതി മരുന്നുനിർമ്മാണ കമ്പനികളും 14 ഹോമിയോപ്പതി മരുന്നുനിർമ്മാണ കമ്പനികളും പൊതുമേഖലയിൽ 3 (KSDP & HOMCO, ഔഷധി) ഔഷധനിർമ്മാണകമ്പനികളുമാണ് നിലവിലുള്ളത്. GMP compliance ന് അനുസൃതമായ അടിസ്ഥാന സൗകര്യകുറവ്, സാമ്പത്തിക ബാദ്ധ്യത, അസംസ്കൃതവസ്തുക്കളുടെ ദൗർലഭ്യം അന്യസംസ്ഥാനങ്ങളിലെ ഉല്പന്നങ്ങളുടെ ആധിക്യം, പുതിയ സാങ്കേതിക വിദ്യകൾക്കായുള്ള സൗകര്യ കുറവ്, ഗവേഷണത്തിനും വികസനത്തിനുമുള്ള അടിസ്ഥാന സൗകര്യംഇല്ലായ്മ എന്നീ വിവിധ കാരണങ്ങളാൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ കേരളത്തിൽ പത്ത് കമ്പനികൾ പൂട്ടേണ്ട സാഹചര്യം നിലവിൽ വന്നിട്ടുണ്ട് . |
| ബി) സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര മരുന്നുകമ്പനികൾ പ്രവർത്തിക്കുന്നുണ്ട്; ഇവയിൽ മരുന്ന് കയറ്റുമതി ചെയ്യാൻ അനുമതിയുള്ള എത്ര കമ്പനികളുണ്ടെന്നു വ്യക്തമാക്കുമോ; | ബി) കേരളത്തിൽ വിവിധജില്ലകളിലായി 85 അലോപ്പതി മരുന്നുനിർമ്മാണ കമ്പനികളും 14 ഹോമിയോപ്പതി മരുന്നുനിർമ്മാണ കമ്പനികളും പൊതുമേഖലയിൽ 3 (KSDP & HOMCO, ഔഷധി) ഔഷധനിർമ്മാണകമ്പനികളുമാണ് നിലവിലുള്ളത്. ഇതിൽ 10 കമ്പനികൾ മരുന്ന് കയറ്റുമതി ചെയ്യുന്നു ണ്ട്. |
| സി) കേരളത്തിലെ സർക്കാർ ആശുപത്രികൾക്കാവശ്യമുള്ളതും, കേരളത്തിലെ കമ്പനികൾ ഉത്പാദിപ്പിക്കു | സി) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് സർക്കാർ ആശുപത്രികൾക്കാവശ്യമുള്ള മരുന്നുകൾ സംഭരിച്ച് വിതരണം ചെയ്യുന്നത്. സംസ്ഥാന |

ന്നതുമായ മരുന്നുകളെല്ലാം ഇവിടെ നിന്നാണോ വാങ്ങുന്നതെന്ന് വെളിപ്പെടുത്തുമോ; ഇല്ലെങ്കിൽ, വാങ്ങാതിരിക്കാനുള്ള കാരണം വിശദമാക്കുമോ?

ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന വാർഷിക ഇൻഡന്റനുസരിച്ചുള്ള മരുന്നുകൾ വാങ്ങുന്നത് ദേശീയ തലത്തിൽ ക്ഷണിക്കുന്ന സുതാര്യമായ മൽസര ടെണ്ടറുകളിലൂടെയാണ്. പ്രസ്തുത ടെണ്ടറിൽ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ചെറുകിട മരുന്നുകമ്പനികൾക്ക് (State SSI Units) വിലയിൻമേൽ 10% പ്രിഫറൻസ് നൽകി വരുന്നു. കൂടാതെ കേരള സർക്കാർ ഉടമസ്ഥതയിലുള്ള കെ.എസ്.ഡി.പി.യിൽ നിന്നും ടെണ്ടർ നടപടികൾ കൂടാതെ തന്നെ മരുന്നുകൾ വാങ്ങി സംഭരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ